# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി3/17309/2016. ചാക്ക, തിരുവനന്തപുരം

തീയതി: 07.07.2016

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ആഗസ്റ്റ് 2016 സപ്ലിമെന്ററി (പഴയ സമ്പ്രദായം)- അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

*****************

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.കളിൽ 2016 ആഗസ്റ്റ് മാസം നടത്തുന്ന എസ്.സി.വി.ടി സപ്ലിമെന്ററി (പഴയ സമ്പ്രദായം) പരിശീലനാർത്ഥികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ എസ്.സി.വി.റ്റി. നടത്തുന്ന ട്രേഡുകളിൽ പഴയ സമ്പ്രദായ പ്രകാരം പരീക്ഷ എഴുതി തോറ്റുപോയ ട്രെയിനികൾ, ബി.റ്റി.സിയിൽ പരീക്ഷ എഴുതി തോറ്റുപോയ ട്രെയിനികൾ, പോസ്റ്റ് ഐ.ടി.ഐ തോറ്റുപോയവർ എന്നിവരിൽ നിന്നും 150 രൂപ ഫീസിനത്തിൽ ''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ **15/7/2016** നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും അസ്സൽ ചെലാൻ സഹിതമുള്ള പൂരിപ്പിച്ച അപേക്ഷ അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് മുൻപായി പഠിച്ച സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതുമാണ്. ടൈപ്പ് ചെയ്ത അപേക്ഷഫോറം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. (മാതൃക ഇതോടൊപ്പം ചേർക്കുന്നു.) അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുകയോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പരീക്ഷാകേന്ദ്രം ഒരു കാരണവശാലും മാറ്റാൻ അനുവദിക്കില്ല. നിശ്ചിത തീയതിക്കകം ലഭിക്കാത്തതും, അപൂർണ്ണമായതും, അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതും ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ നിരുപാധികം സ്ഥാപന മേധാവികൾ നിരസിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപന മേധാവി പരിശോധിച്ച് അർഹത ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തണം. അർഹതപ്പെട്ട ട്രെയിനികളുടെ ലിസ്റ്റിന്റെ മൂന്ന് പകർപ്പും, ഫോട്ടോ പതിപ്പിച്ച ഹാൾടിക്കറ്റും തയ്യാറാക്കി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം **18/7/2016ന്** വൈകുന്നേരം 4 മണിക്ക് മുമ്പായി ഡയറക്ടറേറ്റിൽ എത്തിക്കണം. പരീക്ഷ 2016 ആഗസ്റ്റ് മാസത്തിൽ തന്നെ നടത്തേണ്ടതിനാൽ നിശ്ചിത തീയതിയ്ക്കകം തന്നെ അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പ്രത്യേക ദൂതൻ മുഖേന പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഒരു ട്രെയിനിക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ ആറ് അവസരങ്ങൾ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. അത് പ്രിൻസിപ്പാൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപേക്ഷയിലെ പരിശോധനാ റിപ്പോർട്ട് ഒപ്പു വയ്ക്കേണ്ടതുമാണ്.

പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100 രൂപ മുൻകൂർ ജാമ്യനിക്ഷേപമായി സ്ഥാപന മേധാവിയെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം ടി തുക മടക്കി നൽകുന്നതാണ്.

ഹാൾടിക്കറ്റ് ലഭിച്ചതിനു ശേഷം ബന്ധപ്പെട്ട സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഓരോ ട്രേഡിനും ആവശ്യമായിട്ടുള്ള ബി.ഫോം കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം : മാതൃകാ അപേക്ഷാ ഫോറം.

പകർപ്പ്:-ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/
ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും/ജെ.ഡി.റ്റി. കണ്ണൂർ /
എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ/ചീഫ് മാനേജർ ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ്
എഫ്.എ.സി.റ്റി.ആലുവ/ഡി.ഡി.റ്റി/റ്റി.റ്റി.ഒ/സംഭരണ ഫയൽ (ജി2)

എസ്സ്/

## APPLICATION FOR FAILED CANDIDATE OF SCVT TRADE TEST AUGUST 2016 (OLD SCHEME)

1. Name of the applicant (IN BLOCK LETTERS) (as in SSLC Book) :

2. Full address :

3. Name of Father/guardian (IN BLOCK LETTERS) (as in SSLC Book)

4. Date of Birth (as in SSLC Book) :

5. Name of ITI/Private ITI where the trainee has undergone training and appeared for the Trade Test :

6. Male/Female :

7. Category (To be indicated with Tick mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

8. Trade :

9. Period of Training : From August.....................................
 : To July..............................................

10. Year of First appearance :

11. Number of chances including this Trade Test :

12. Roll No. and year of last appearance. :

13. Details of the subjects passed up to the previous Trade Test and sessional marks of failed subjects:-

| Subject | Roll No. | Month | Year | Marks Obtained (Without Sessional) | Sessional Marks |
|---|---|---|---|---|---|
| | | | | | |

14. Subject/subjects for which the Candidate desires to appear :